പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 576** | **10.7.2012-ന് മറുപടിക്ക്**

**നഗരവികസനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ<br>,, പി. കെ. ഗുരുദാസൻ<br>'' വി. ശിവൻകുട്ടി<br>'' എ. എം. ആരീഫ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളുടെ വികസനത്തിനായി പരിഗണനയിലുള്ള പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ; | എ) പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| ബി) പ്രസ്തുത പദ്ധതി വഴി നഗരസഭകൾക്ക് പ്രത്യേകമായി എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാനുദ്ദേശിക്കുന്നു; ഇതിനായി ബഡ്ജറ്റിൽ പ്രത്യേകമായി വകയിരുത്തിയ തുക എത്രയാണ് ; | ബി) ബാധകമല്ല. |
| സി) കഴിഞ്ഞ സാമ്പത്തിക വർഷം നഗരവികസനത്തിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; അതിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ചത് എത്രശതമാനമായിരുന്നു ? | സി) എ.ഡി.ബി സഹായത്തോടെയുള്ള സുസ്ഥിര നഗരവികസന പദ്ധതിക്ക് 105 കോടി രൂപ വകയിരുത്തിയതിൽ 2012 മാർച്ച് 31 വരെ 47.61% ചെലവഴിച്ചു. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ 175.60 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ നിന്ന് 61.61% തുക 2012 മാർച്ച് 31 വരെ ചെലവഴിച്ചിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയ്ക്ക് വേണ്ടി 2011-12 സാമ്പത്തിക വർഷത്തിൽ 70.39 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 59% തുക മുനിസിപ്പാലിറ്റികൾക്ക് നൽകിയിട്ടുണ്ട്.<br><br>കുടുംബശ്രീ വഴി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കുടുംബശ്രീ വഴി ചെലവഴിച്ച തുകയുടെ വിശദാംശം

2011–12 ബഡ്ജറ്റ് വിഹിതം

ചെലവ് (ലക്ഷത്തിൽ)

| പദ്ധതി | കേന്ദ്ര വിഹിതം അനുവദിച്ചത് | കേന്ദ്ര വിഹിതം കിട്ടിയത് | സംസ്ഥാന ബഡ്ജറ്റ് വിഹിതം അനുവദിച്ചത് | സംസ്ഥാന ബഡ്ജറ്റ് വിഹിതം കിട്ടിയത് | കുടുംബശ്രീക്ക് ലഭിച്ച തുക | ചെലവ് |
|---|---|---|---|---|---|---|
| എസ്.ജെ.എസ്.ആർ.വൈ | 1800.00 | 1376.53 | 200.00<br>*258.84 | 458.84 | 1835.37 | 5879.03 |
| ഐ.എച്ച്.എസ്.ഡി.പി | 4400.00 | 675.13 | 1100.00 | 168.78 | 843.91 | 12039.45 |
| ബി.എസ്.യു.പി | 9680.00 | 0 | 2420.00 | 0 | 0 | 17701.01 |
| ആർ.എ.വൈ. | 0 | 0 | 100 | 0 | 0 | 121.94 |
| *ഇൻസെന്റീവ് | | | | | | |

സെക്ഷൻ ഓഫീസർ